# അഹ്മദിയ്യാ ഖലീഫയുടെ ഖുത്തുബയും അത് ഉയർത്തുന്ന ചോദ്യങ്ങളും

അഹ്മദിയ്യാ ജമാഅത്തിന്റെ ഇപ്പോഴത്തെ ഖലീഫ മിർസാ മസ്റൂർ അഹ്മദ് സാഹിബ് "ഖിലാഫത്തും മുജദ്ദിദിയ്യത്തും" എന്ന വിഷയത്തെ കുറിച്ച് 2011 ജൂൺ 10ന് ചെയ്ത ഖുത്തുബാ പ്രസംഗത്തിലെ പ്രസക്ത ഭാഗമാണ് ഇവിടെ പരാമർശിക്കുന്നത്. അദ്ദേഹം കുട്ടികളുടെ ക്ലാസ് എടുക്കുമ്പോൾ ഇനിയും മുജദ്ദിദ് വരുമോ എന്ന് ഒരു കുട്ടി ചോദിച്ചതിനോട് പ്രതികരിച്ചുകൊണ്ടാണ് ഖുത്തുബാ പ്രസംഗത്തിൽ വിശദീകരിക്കുന്നത്. അദ്ദേഹം പറയുന്നു.

"ഈ ചോദ്യം ചില വീടുകളിൽ നിന്നും ഉയരുന്നതാണെന്ന് എനിക്ക് മനസ്സിലായി. കാരണം കുട്ടിയുടെ മനസ്സിൽ ഇങ്ങനെ ഒരു ചോദ്യം ഉദിക്കുന്നതല്ല. അതുമല്ലെങ്കിൽ ജമാഅത്തിലെ യുവതലമുറയിലും കുട്ടികളിലും അസ്വസ്ഥത പരത്താൻ ആഗ്രഹിക്കുന്നചില കുബുദ്ധികൾ ഈ ചോദ്യം അവരുടെ മുന്നിൽ ഉയർത്തിയതാകാം." (ഖുത്തുബ : 2011 ജൂൺ 10)

കുട്ടി ചോദിച്ചാലും കുട്ടിയെക്കൊണ്ട് മുതിർന്നവർ ചോദിപ്പിച്ചാലും മുജദ്ദിദ് വരുമോ എന്ന ചോദ്യം അസ്വസ്ഥത പരത്തുന്നതാണോ? ഓരോ നൂറ്റാണ്ടിലും മുജദ്ദിദുമാർ വരുമെന്ന് മുഹമ്മദ് മുസ്തഫ (സ) തിരുമേനിയും ഹസ്റത്ത് അഹ്മദ് (അ) മും നൽകിയ സുവിശേഷത്തിന്റെ അടിസ്ഥാനത്തിലുള്ള ഈ ചോദ്യത്തിന് അഹ്മദിയ്യാ ഖലീഫ എന്തിനാണ് ഉൽകണ്ഠാകുലനാകുന്നത്? ഇത് ചോദിക്കുന്നവരെയൊക്കെ കുബുദ്ധികളായിട്ടാണ് ഖലീഫ കാണുന്നതും.

അദ്ദേഹം വീണ്ടും പറയുന്നു.

"ജമാഅത്തിനോട് ആത്മാർത്ഥതയുള്ളവരല്ല ഈ ചോദ്യം ഉന്നയിക്കുന്നത്. മറിച്ച് ജമാഅത്തിനകത്ത് ഛിദ്രത ഉണ്ടാക്കാൻ ആഗ്രഹിക്കുന്നവരാണ് ഈ പ്രശ്നം ഇടക്കിടക്ക് ഉയർത്താറുള്ളത്." (ഖുത്തുബ : 2011 ജൂൺ 10)

ആയിരത്തിനാനൂറ് വർഷം മുമ്പ് പ്രവാചകൻ മുസ്ലീങ്ങൾക്ക് നൽകിയ ഒരു വാഗ്ദാനത്തെ കുറിച്ച് ചോദിക്കുമ്പോൾ അത് അഹ്മദിയ്യാ ജമാഅത്തിൽ ഛിദ്രത ഉണ്ടാക്കുന്നുവെങ്കിൽ അതിന്റെ കാരണമെന്താണ്? സദ തിരഞ്ഞെടുത്ത അഹ്മദിയ്യാ ഖിലാഫത്തിന്റെ അകത്തളത്തിൽ എന്തോ ഭീഷണിയുണ്ടെന്നല്ലേ ഇത് സൂചിപ്പിക്കുന്നത്? അദ്ദേഹം തുടർന്ന് പറയുന്നു.

"മൂന്നാം ഖിലാഫത്ത് കാലത്ത് ഈ പ്രശ്നം വളരെ ശക്തമായ രീതിയിൽ തന്നെ ഉന്നയിക്കപ്പെട്ടിരുന്നു." (ഖുത്തുബ: 2011 ജൂൺ 10)

മൂന്നാം ഖലീഫയുടെ കാലം മുതൽ ഈ പ്രശ്നം ഉയർന്നു വന്നതാണെങ്കിൽ അണിയറയിൽ എന്തോ ചീഞ്ഞുനാറുന്നതായ സന്ദേഹം സ്വാഭാവികമല്ലേ? പരിഷ്കർത്താക്കളായ മുജദ്ദിദുമാരെകുറിച്ച് ആരെങ്കിലും ചോദിച്ചുപോയാൽ അവരുടെ വായ് മൂടിക്കെട്ടാനും അവരെയെല്ലാം കുബുദ്ധികളായി ചിത്രീകരിച്ചുകൊണ്ട് ചിന്താപരമായി അടിമകളാക്കാനുമുള്ള ഏകാധിപത്യപ്രവണതയും അസഹിഷ്ണുതയുമല്ലേ ഇത് വ്യക്തമാക്കുന്നത്? അദ്ദേഹം വീണ്ടും അരിശം കൊള്ളുന്നു.

"കാപട്യത്തിന്റെ പ്രകൃതമുള്ളവർ ഇതുമുഖേന ജമാഅത്തിനകത്ത് അസ്വസ്ഥത ഉണ്ടാക്കാനാണ് ശ്രമിക്കുന്നത്." (ഖുത്തുബ: 2011 ജൂൺ 10)

അഹ്മദികളെ സംബന്ധിച്ചെടത്തോളം മുജദ്ദിദ് വരുമോ എന്ന ചോദ്യം ഉത്ഭവിക്കുന്നത് ഹസ്റത്ത് അഹ്മദി(അ) ന്റെ പ്രസ്ഥാവനയുടെ അടിസ്ഥാനത്തിലാണ്. ഈ ചോദ്യത്തിന്റെ നേരെ അഹ്മദിയ്യാ ഖലീഫ എന്തിനാണ് അരിശം കൊള്ളുന്നത്? സഹനം നഷ്ടപ്പെട്ട ഖലീഫ പരസ്പര വിരുദ്ധമായി ഈ വിഷയത്തെ കുറിച്ച് പരാമർശിക്കുന്നത് നോക്കുക. അദ്ദേഹം ഒരിടത്ത് പറയുന്നു.

"നബിതിരുമേനി (സ) ഓരോ നൂറ്റാണ്ടിലും മതപരിഷ്കരണാർത്ഥം മുജദ്ദിദുമാർ വരും എന്ന് പറഞ്ഞിട്ടുണ്ട് എന്നതിൽ ഒരു സംശയവുമില്ല." (ഖുത്തുബ: 2011 ജൂൺ 10)

ഖലീഫ മറ്റൊരിടത്ത് പറയുന്നത് ഇപ്രകാരമാണ്.

"നൂറ് വർഷം പിന്നിട്ടതിന് ശേഷം ഇവിടെ ഒരു മുജദ്ദിദിന്റെ ആവശ്യമില്ല. ആയിരം വർഷത്തെ മുജദ്ദിദ് ഹ: മസീഹ് മൌഊദ് തന്നെയാണ്." (ഖുത്തുബ: 2011 ജൂൺ 10)

ഓരോ നൂറ്റാണ്ടിലുമുള്ള മുജദ്ദിദുമാരെ കുറിച്ച് പറഞ്ഞ ഖലീഫ പിന്നീട് നൂറ്റാണ്ടിനെ അവഗണിച്ചുകൊണ്ട് ആയിരത്തിലേക്കാണ് പോകുന്നത്. നബിതിരുമേനി (സ) യും മസീഹ് മൌഊദും നൂറ്റാണ്ടിനെ ഓർമ്മിപ്പിക്കുമ്പോൾ അഹ് മദിയ്യാ ഖലീഫ അത് ആയിരത്തിലേക്ക് വലിച്ചുനീട്ടാനുള്ള ശ്രമത്തിലാണ്. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകർ വളരെ വ്യക്തമായി പറഞ്ഞ രണ്ട് ഉദ്ധരണികൾ താഴെ കൊടുക്കുന്നു.

" ഞാനാണ് വാഗ്ദത്ത മസീഹ് എന്നവകാശപ്പെടുന്ന ആൾ. എന്നാൽ വാഗ്ദത്ത മസീഹുമാരിൽ ആദ്യത്തേയും അവസാനത്തേയും ആൾ ഞാൻമാത്രമാണ് എന്നവകാശപ്പെടുന്നില്ല. എന്റെ വീക്ഷണത്തിൽ എന്റെ കാലശേഷം പതിനായിരം വാഗ്ദത്ത മസീഹുമാർ വരും. പക്ഷെ ഈ കാലത്തേക്കുള്ള വാഗ്ദത്ത മസീഹ് ഞാൻതന്നെയാകുന്നു." (ഇസാലയെഔഹാം പേജ് 197)

"ഓരോ നൂറ്റാണ്ടിന്റയും തലക്കൽ മത നവീകരണത്തിന് ഒരു ദൈവദാസൻ നിയോഗിക്കപ്പെടുമ്പോൾ അജ്ഞരായ ജനം അതിനെ എതിരിടാൻ മുതിരുന്നു."

(ലക്ചർസിയാൽകോട്ട് - മലയാളം.പേജ് 10)

ഹസ്റത്ത് അഹ്മദ് (അ) എന്റെ കാലശേഷമെന്നും ഈ കാലമെന്നും ഓരോ നൂറ്റാണ്ടെന്നും പറഞ്ഞത് ആയിരം കൊല്ലമാണോ? ഒരു ദൈവദാസൻ വന്നുകഴിഞ്ഞാൽ എന്ന് ഹസ്റത്ത് അഹ്മദ് (അ) പറയുമ്പോൾ അഹ്മദിയ്യാ ഖലീഫ ദൈവദാസൻ വരുന്നത് തന്നെ തടയാനാണ് ശ്രമിക്കുന്നത്. ഇതിനുള്ള മറ്റൊരുദാഹരണം അദ്ദേഹത്തിന്റെ വാക്കുകളിൽ തന്നെ കാണാം. അദ്ദേഹം പറയുന്നു.

"ഒരു കാര്യം ഓർത്തുവെക്കേണ്ടത് ഓരോ ഖലീഫയും അതാതുകാലത്തെ മുജദ്ദിദ് തന്നെയായിരിക്കും. അവർ ഹസ്റത്ത് മസീഹ് മൌഊദ് (അ) ന്റെ പ്രവർത്തനങ്ങളെ മുന്നോട്ട് നയിക്കുകയാണ് ചെയ്യുന്നത്. മുജദ്ദിദാണെന്ന് വാദിച്ചാലും ഇല്ലെങ്കിലും ശരി." (ഖുത്തുബ: 2011 ജൂൺ 10)

ഓരോ ഖലീഫയുടേയും മരണത്തെ ആശ്രയിച്ചല്ലേ മറ്റൊരു അഹ്മദിയ്യാ ഖലീഫയെ തിരഞ്ഞെടുക്കുന്നത്? അപ്പോൾ ഏതെങ്കിലും സമയത്തുള്ള മരണവും തിരഞ്ഞെടുപ്പും മുജദ്ദിദിന്റെ പ്രവചനത്തിലെ നൂറ്റാണ്ടുമായി എങ്ങിനെ പൊരുത്തപ്പെടും? ഇപ്പോഴത്തെ അഹ്മദിയ്യാ ഖലീഫ ഉൾപ്പെടെ മീർസാ കുടുംബത്തിലെ കഴിഞ്ഞു കടന്നുപോയ ഖലീഫമാർക്ക് മുജദ്ദിദ് വാദമുണ്ടോ? അങ്ങിനെ ഉണ്ടെങ്കിൽ ഒരു നൂറ്റാണ്ട് പ്രായമായ അഹ്മദിയ്യാ ജമാഅത്തിൽ അഞ്ചു മുജദ്ദിദുമാരോ? എന്നിട്ട് അവരെന്തേ ഇത്രയും കാലം ഇത് രഹസ്യമാക്കിവെച്ചത്?

ഓരോ ഖലീഫയും അതാതുകാലത്തെ മുജദ്ദിദുമാരാണെന്ന് പറഞ്ഞ മീർസാ മസ്റൂർ അഹ്മദ് സാഹിബ് പിന്നീട് പറയുന്നത് നോക്കുക.

"ചുരുക്കത്തിൽ രണ്ട് നൂറ്റാണ്ട് സംഗമിക്കുന്ന കാലത്ത് അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ അക്കാലത്തുള്ള ഖലീഫമാർക്ക് അല്ലാഹു ഈ പദവി നൽകിയേക്കാം. അദ്ദേഹത്തോട് പ്രഖ്യാപിക്കാനും പറഞ്ഞേക്കാം." (ഖുത്തുബ: 2011 ജൂൺ 10)

അദ്ദേഹം ഇപ്പോൾ പറയുന്നത് രണ്ട് നൂറ്റാണ്ട് സംഗമിക്കുന്നകാലത്ത് അല്ലാഹു ഇച്ഛിക്കണമെന്നാണ്. അങ്ങിനെയാണെങ്കിൽ തന്നെ ആദ്യം സദകൂടി അഹ്മദിയ്യാ ഖലീഫയെ തിരഞ്ഞെടുക്കുമെന്നും, പിന്നീട് സദ തിരഞ്ഞെടുത്ത ഖലീഫയോട് മുജദ്ദിദാണെന്ന് പ്രഖ്യാപിക്കാൻ അല്ലാഹു കൽപ്പിക്കുമെന്നും അദ്ദേഹം പറയുന്നു. മീർസാ മസ്റൂർ അഹ്മദ് സാഹിബ് നൂറ്റാണ്ടിന്റെ സംഗമത്തിലെ ഖലീഫയല്ലേ? പിന്നെന്താ മുജദ്ദിദിന്റെ പ്രഖ്യാപനം വരാത്തത്? ഖലീഫാ സ്ഥാനത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടും മുജദ്ദിദിനെ നിസ്സാര വൽകരിച്ചുകൊണ്ടും അദ്ദേഹം പറയുന്നു.

"മുജദ്ദിദ് എന്ന പേര് പറഞ്ഞതുകൊണ്ടോ, മുജദ്ദിദ് ആയതുകൊണ്ടോ ഖിലാഫത്തിന്റെ സ്ഥാനത്തേക്ക് ഉയരണമെന്നില്ല. ഖിലാഫത്തിന്റെ സ്ഥാനത്തിനാണ് പ്രാമുഖ്യമുള്ളത്."

(ഖുത്തുബ: 2011 ജൂൺ 10)

ഹസ്റത്ത് അഹ്മദ് (അ) പറയുന്നത് ഓരോ നൂറ്റാണ്ടിലും മതനവീകരണത്തിനായി മുജദ്ദിദുമാർ വരുമെന്നാണ്. എന്നാൽ അങ്ങിനെ വരുന്ന മുജദ്ദിദുമാരേക്കാൾ പ്രാമുഖ്യമുള്ളത് സദ തിരഞ്ഞെടുക്കുന്ന ഖലീഫമാർക്കാണെന്ന് മീർസാ മസ്റൂർ അഹ്മദ് സാഹിബ് പറയുന്നു. ഓരോ അഹ്മദിയ്യാ ഖലീഫമാരും മുജദ്ദിദാണെന്ന് പറഞ്ഞ അദ്ദേഹം തന്നെയാണ് നൂറ്റാണ്ടിൽ അല്ലാഹു ഇച്ഛിക്കണമെന്ന കാര്യവും പറഞ്ഞത്. ചുരുക്കത്തിൽ പുറമെ നിന്നുള്ള ആർക്കും മുജദ്ദിദാവാൻ പറ്റാത്ത വിധത്തിൽ തടഞ്ഞു വെച്ചതുകൊണ്ട് ഇനി അഹ്മദിയ്യാ ഖലീഫമാരിൽ നിന്നാണത്രേ മുജദ്ദിദ് വരേണ്ടത്. അഹ്മദിയ്യാ ഖിലാഫത്ത് നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ളതാണെന്നും വെള്ളമുള്ളപ്പോൾ മറ്റൊര 'തഅമ' ത്തിന്റെ ആവശ്യമില്ലെന്നും മുജദ്ദിദിനെ നിഷേധിച്ചുകൊണ്ട് അഹ്മദികൾ ന്യായീകരിക്കാറുണ്ട്. എങ്കിൽ വെള്ളം ചളി നിറഞ്ഞതും ദുർഗന്ധ പൂരിതവുമാണെങ്കിൽ അത് ഉപയോഗശൂന്യമല്ലേ? മീർസാ മസ്റൂർ അഹ്മദ് സാഹിബിന് നുബുവ്വത്ത് വാദുമുണ്ടോ? ദൈവിക വെളിപാടുകളുണ്ടാകാറുണ്ടോ? ഇതൊന്നുമില്ലെങ്കിൽ വെള്ളം ശുദ്ധമോ അശുദ്ധമോ ?

എന്നാൽ ആത്മീയ സത്യത്തിന്റെ ഉറവുകൾ ഒഴുകി വന്നത് അല്ലാഹു നിയോഗിച്ച മുജദ്ദിദുമാരിലൂടെയാണ്. സദ തിരഞ്ഞെടുത്ത ഖലീഫമാരുടെ ചരിത്രം ഇരുൾമൂടിയതാണ്. അനിശ്ചിതത്വത്തിന്റെ അടിയൊഴുക്കുകളിലൂടെയാണ് അത് കടന്നുപോയത്. ഖലീഫയായിരുന്ന ഹസ്റത്ത് ഉസ്മാൻ (റ)ന്റെ താടിക്ക് കയറിപ്പിടിച്ചതും, ഹസ്റത്ത് അലി (റ)ക്ക് ബൈഅത്ത് ചെയ്യാത്ത മുആവിയ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതും, ഹസ്റത്ത് അലിക്കെതിരായി ആയിശ (റ) യുദ്ധം നയിച്ച ചരിത്രവും, നാലാമത്തെ അഹ്മദിയ്യ ഖിലാഫത്ത് തിരഞ്ഞെടുപ്പിൽ മീർസാ കുടുംബത്തിലെ മറ്റൊരു ഖലീഫാ സ്ഥാനാർത്ഥിയെ തട്ടിക്കൊണ്ടുപോയതും, ആസ്ഥാനാർത്ഥിയുടെ അനുയായികൾ "ഗ്രീൻ അഹ്മദി" എന്ന പേരിൽ മറ്റൊരു സംഘടന രൂപീകരിച്ചതും സദ തിരഞ്ഞെടുത്ത ഖിലാഫത്തുകളുടെ ഇരുണ്ട അദ്ധ്യായങ്ങളാണ്. എന്നാൽ സംശുദ്ധമായ ആത്മീയതയിൽ വാർത്തെടുക്കപ്പെട്ടതാണ് മുജദ്ദിദുമാരുടെ ചരിത്രം. മുജദ്ദിദുമാരുടെ വിജയവും ഖിലാഫത്തിന്റെ തകർച്ചയും യാഥാർത്ഥ്യബോധത്തോടെ വസ്തുനിഷ്ഠമായ കാഴ്ചപ്പാടിൽ വിലയിരുത്തിയ സത്യദൂതൻ പത്രാധിപർ എ. എം. മുഹമ്മദ് സലീം സാഹിബിന്റെ വരികൾ താഴെ കുറിക്കുന്നു.

"ഖിലാഫത്ത് ഭൗതികതയിലേക്ക് തിരിഞ്ഞപ്പോൾ ഇസ്ലാം മതത്തിലേക്ക് ജനപ്രവാഹം ഉണ്ടായത് മുജദ്ദിദുമാരിലൂടെയാണ്." (സത്യദൂതൻ 2008 ഡിസംബർ പേജ് 32)

"സത്യവിശ്വാസവും സത്കർമ്മങ്ങളുമാണ് മാതൃകാപരമായ ഖിലാഫത്ത് വ്യവസ്ഥയുടെ മുന്നുപാധികൾ. അത് ലംഘിക്കപ്പെടുമ്പോൾ ഖിലാഫത്ത് കേവലം അധികാരത്തിലധിഷ്ഠിതമായ ഭരണ പരിപാടിയോ അല്ലെങ്കിൽ കേവലം ഒരു സംഘടിത സമുദായമോ ആയിത്തീരുന്നു."

(സത്യദൂതൻ 2008 ഡിസംബർ പേജ് 31)

"ഇനിയും മുജദ്ദിദ് വരുമോ" എന്ന ചോദ്യം ഉന്നയിച്ചവർ കുബുദ്ധികളാണെന്നും ജമാഅത്തിനോട് ആത്മാർത്ഥതയില്ലാത്തവരാണെന്നും, ജമാഅത്തിൽ ഛിദ്രതയുണ്ടാക്കാൻ ശ്രമിക്കുന്നവരാണെന്നും അധിക്ഷേപിക്കുന്നതിന്റെ മനഃശാസ്ത്രം അഹ്മദിയ്യാ ഖിലാഫത്തിന്റെ അധികാരത്തിലധിഷ്ഠിതമായ ഏകാധിപത്യപ്രവണതയും ഒരു സംഘടിത സമൂഹത്തെ ഖലീഫാ ശിർക്കിൽ തളച്ചിടാനുള്ള തന്ത്ര

ത്തിന്റെ ഭാഗവുമല്ലേ? ഹസ്റത്ത് അഹ്മദ് (അ) ന്റെ പ്രതിഛായയെ കുറിച്ച് മീർസാ മസ്റൂർ അഹ്മദ് സാഹിബ് പറയുന്നു.

"ചുരുക്കത്തിൽ മുജദ്ദിദിയ്യത്ത് ഖാത്തമുൽ ഖുലഫാക്ക് ശേഷം അവസാന സഹസ്രാബ്ദത്തിലെ മുജദ്ദിദിന് ശേഷം അദ്ദേഹത്തിന്റെ പ്രതിച്ഛായ രൂപത്തിലാണ് പ്രത്യക്ഷപ്പെടുക. അദ്ദേഹത്തിന്റെ യഥാർത്ഥ പ്രതിച്ഛായ ഖിലാഫത്തിന്റെ സംവിധാനമാണ്." (ഖുത്തുബ: 2011 ജൂൺ 10)

അഹ്മദിയ്യാ ഖിലാഫത്ത് ഹസ്റത്ത് അഹ്മദ് (അ) ന്റെ പ്രതിച്ഛായ ആണെന്ന് ഖലീഫ പറയുന്നു. എന്നാൽ അഹ്മദിയ്യാ ജമാഅത്തിലേക്ക് മതപരിവർത്തനം നടത്താൻ മിഷണറി മാർക്ക് ടാർജറ്റ് കൊടുത്തവരും, അഹ്മദികളുടെ അംഗസംഖ്യയുടെ കാര്യത്തിൽ സത്യസന്ധത പുലർത്താതെ മുഴു ലോകത്തേയും തെറ്റിദ്ധരിപ്പിച്ച് പ്രചരണം നടത്തുന്നവരും, ഒരു ബറ്റാലിയന്റെ അകമ്പടിയോടെ ആഡംബര യാത്രക്കിറങ്ങുന്ന ഖലീഫമാരും, മുജദ്ദിദ് വരുമോ എന്ന് ചോദിച്ചുപോയതിന് ജുമാ ഖുത്തുബയിലൂടെ ഭീഷണിപ്പെടുത്തുന്നവരുമാണോ ഹസ്റത്ത് (അ) ന്റെ പ്രതിച്ഛായകളെന്ന് പറയുന്ന ഖിലാഫത്തിന്റെ രണ്ടാം ദിവ്യശക്തി?

## യഥാർത്ഥ പ്രതിച്ഛായയും സൂര്യ – ചന്ദ്രഗ്രഹണവും

ഹസ്റത്ത് അഹ്മദ് (അ) തീർച്ചയായും പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദ് മാത്രമല്ല. അദ്ദേഹം ഇമാം മഹ്ദിയാണ്. മസീഹാണ്. അല്ലാഹുവിന്റെ ഖലീഫയാണ്. അദ്ദേഹത്തിന്റെ സത്യദൗത്യത്തിന്റെ അടയാളമായി ഒരു റംസാൻ മാസത്തിൽ സൂര്യ– ചന്ദ്ര ഗ്രഹണങ്ങളുമുണ്ടായി. എന്നാൽ ഹസ്റത്ത് അഹ്മദ് (അ) തുടക്കത്തിൽ മുജദ്ദിദാണെന്ന് വാദിച്ചതുപോലെ മൊറീഷ്യസിലെ ഹസ്റത്ത് മുനീർ അഹ്മദ് അസിം സാഹിബ് തുടക്കത്തിൽ പതിനഞ്ചാം നൂറ്റാണ്ടിലെ മുജദ്ദിദാണെന്ന് വാദിച്ചു. പിന്നീടദ്ദേഹം താൻ പതിനഞ്ചാം നൂറ്റാണ്ടിലെ മുജദ്ദിദ് മാത്രമല്ലെന്നും മാനവരാശിക്ക് മുന്നറിയിപ്പ് നൽകാനായി വന്ന മുഹ്യുദ്ദീനും ഖലീഫത്തുള്ളയും അൽ മസീഹ് – അൽ മൗഊദും അമീറുൽ മുഅ്മിനുനുമാണെന്ന് അവകാശപ്പെട്ടു. മാത്രമല്ല 25 – 3 – 2011ൽ അദ്ദേഹം നിർവ്വഹിച്ച ഒരു ഖുത്തുബാ പ്രസംഗത്തിൽ മൊറിഷ്യസിൽ 2003ലെ റംസാൻ മാസത്തിൽ തന്റെ സത്യസാക്ഷ്യത്തിലേക്കായി സൂര്യ– ചന്ദ്ര ഗ്രഹണങ്ങളുണ്ടായെന്നും പ്രഖ്യാപിച്ചിരിക്കുന്നു. കൂടാതെ ഇതേ ഖുത്തുബയിൽ നബി തിരുമേനി (സ) യുടെ കാലത്തുണ്ടായ ചന്ദ്രൻ പിളർന്ന ദിവ്യാത്ഭുതം ഭാവിയിൽ ഉണ്ടാകുമെന്നും അത് തന്റെ ശത്രുക്കളും മിത്രങ്ങളും കാണുമാറാകുമെന്നും പ്രവചിച്ചിരിക്കുന്നു. അഹ്മദിയ്യാ ഖലീഫക്ക് മുനീർ അഹ്മദ് സാഹിബിന്റെ മേൽപ്പറഞ്ഞ വാദങ്ങളുണ്ടോ? മൊറിഷ്യസിലെ പ്രകൃതി പ്രതിഭാസവുമായി ഖലീഫക്ക് ബന്ധമുണ്ടോ? അപ്പോൾ ഹസ്റത്ത് അഹ്മദ് (അ) ന്റെ യഥാർത്ഥ പ്രതിച്ഛായയുടെ സാദൃശ്യം ആരിലാണ് പൂർത്തിയായിരിക്കുന്നത്? അഹ്മദിയ്യാ ഖിലാഫത്തിലും ഖലീഫമാരിലുമാണോ? "ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ട്." (വി. ഖുർആൻ)


സെക്രട്ടറി

ജമാഅത്ത്സ്സഹീഹിൽ ഇസ്ലാം - കേരള

(Reg No. 693/2010)

www.jamaat-ul-sahih-al-islam, E Mail . Jamalraother @gmail.com, etmanasam@gmail.com, Mob: 9746525847



Printed By : Perfect Printers, Kannur 1000Copies